**Weekly Devotion -July 2019**

# cruse of wine

## *വീഞ്ഞ് തുരുത്തി- മത്താ (9:17)*




ദൈവവചനം ഒരു വ്യക്തിയെ പുതിയ സ്യഷ്ടിയാക്കുന്നു.യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ പുതുമനുഷ്യനെ ധരിച്ചവരാണ്. ക്രിസ്തു വിണ്ടെടുക്കുന്നത് പഴയമനുഷ്യനെയല്ല . പുതിയ മനുഷ്യന്റെ പുതുക്കമാണ് പുതിയ മനുഷ്യനെ നമ്മിൽ നിലനിർത്തുന്നതും ,ഉറപ്പിക്കുന്നതും. ആത്മാവിന്റെ പുതുക്കം തുടർച്ചയായി നടക്കേണ്ട പ്രക്രീയയാണ് .

ഭദ്രമായിരിക്കുന്ന രണ്ട് കാര്യങ്ങൾ ഏതെല്ലാം എന്ന് മത്താ (9:17) ൽ കാണുന്ന പുതിയ തുരുത്തിയും പുതിയ വീഞ്ഞും രണ്ട് തരത്തിലുള്ള തുരുത്തികളുണ്ട് ,ഒന്ന് പഴയതും മറ്റേത് പുതിയതും. പഴയ തുരുത്തിയിൽ ധാരാളം മലിനതകളും, പഴയ വീഞ്ഞിന്റെ പുളിപ്പിന്റെ അംശവും കാണാം. വീര്യമുള്ള പുതു വീഞ്ഞ് പഴയ തുരുത്തിയിലൊഴിച്ചാൽ തുരുത്തി നശിക്കുമ്പോൾ വീഞ്ഞും നഷ്ടമാകുന്നു. കലക്കി വെച്ച വീഞ്ഞ് , മട്ട് അടിഞ്ഞ് തെളിയുന്നതാണ് പുതിയ വിഞ്ഞ് . പുതിയതുരുത്തി യിലൊഴിച്ചാൽ തോൽ തുരുത്തി വലിഞ്ഞ് കൊടുക്കും . പുകയത്തു വച്ച തുരുത്തിയാണ് ഒരു ദൈവപൈതൽ . അത് ഒരു പുതിയ തുരുത്തിയായിത്തിരുന്നത് എങ്ങനെ എന്ന് 2 കൊരി :(5:17) ൽ കാണുന്ന. ക്രിസ്തുവിലാകുമ്പോൾ ഒരു വ്യക്തി തന്റെ ഉള്ളിലെ പഴയതിനെ എല്ലാം ഉപേക്ഷിച്ചേ മതിയാകുകയുള്ളു.

പഴയ പുതിയ തുരുത്തികളെപ്പറ്റി (1ശമു:25) ലെ നാബാലിന്റെയും അബിഗയിലിന്റെയും ജിവിതത്തിൽ കൂടെ മനസ്സിലാക്കാം. നാബാൽ എന്ന മഹാധനികനായ വ്യവസായി മലിനത അടിഞ്ഞുകൂടിയ പഴയതുരുത്തിയാണ്. ആര് നന്മചെയ്യ്താലും സ്വികരിപ്പാൻ മനസ്സില്ലാത്ത ആർക്കും നന്മ ചെയ്യാത്ത മലിനതനിറഞ്ഞ പഴയതുരുത്തി. പുതിയ സ്യഷ്ടിയാകാതെ നശിക്കുന്നവനെപ്പറ്റി ഭാര്യയും വേലക്കാരും പറയുന്നതും, അവന്റെ അവസാനവും വചനം വ്യക്തമാക്കുന്നു.

read 1ശമു (25:3last, 9- 11, 25,36-38 ) എന്നാൽ പുതിയതുരുത്തിയുടെ ഏറ്റവും നല്ല ഉദാഹരണമാണ് അബീഗയിൽ. പുതുമനൽകുന്ന നല്ല സ്വഭാവം, നമ്മുടെ വാക്കുകൾ പറയുന്നു, മറ്റുള്ളവർക്ക് നന്മ ചെയ്യുന്നു. അതിനാൽ പുതു വീഞ്ഞ് നിറഞ്ഞ പുതു തുരുത്തിയായ അബീഗയിലിനെ യഹോവ മാനിക്കുകയും ചെയ്തു, read 1ശമു: (25:3,18-24,29-35,42)

പുതിയ തുരുത്തിയായി ഒരു ദൈവപൈതൽ നിലനിലക്കണമെങ്കിൽ ഈ ചതിയന്മാരുടെ ലോകത്തു ശ്രദ്ധയോടുകൂടിയ പ്രാർത്ഥന ആവശ്യമാണ്.

look യിരെ:(33:3)

പ്രാർത്ഥനയക്ക് പ്രേരണ നൽകുന്ന ഘടകങ്ങളാണ് മുറിവേറ്റകരവും, പരിശുദ്ധാത്മാവും, ശ്രദ്ധയോടെ പ്രാർത്ഥിക്കുന്ന ഒരു സഭയക്ക് അതിന്റെ തുരുത്തികളെ പുതുതായിത്തനെ നിലനിർത്തുവാൻ കഴിയുന്നു. പ്രതികൂലത്തിലാകുമ്പോൾ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിക്കണം. ഒരിക്കൽ ബിസ്സിനസ് തകർന്ന് നിരാശയിലായ ബെഞ്ചമിൻ എന്ന വ്യവസായി സകലതും വിറ്റ് പിരിച്ചുവിട്ട ജോലിക്കാർക്ക് നൽക്കുകയും നിരാലംബനാകുകയും ചെയ്തു, പെട്ടെന്ന് യിരെ (33:3) അദ്ദേഹത്തിന്റെ മനസ്സിലേക്ക് കടന്നുവന്നു. വിശ്വാസത്തോടെ ആ വചനം ഏറ്റെടുത്ത് പ്രാർത്ഥിച്ചു. തുടർന്ന് വചനം വായിക്കുവാൻ എടുത്തപ്പോൾ എഫേ :(4:23-24) ദൂതായിലഭിച്ചു. പഴയ മലിനതകളെ ഒന്നൊന്നായി പുറത്തുകളഞ്ഞ് ക്രിസ്തുവിൽ പുതിയ തുരുത്തിയായി മാറിയപ്പോൾ പുതു വീഞ്ഞ് നിറയുകയും പുതു വഴി അടുത്ത ദിവസം ദൈവം കാട്ടിക്കൊടുക്കുകയും ചെയതു.

പരിശുദ്ധാത്മാവാകുന്ന പുതു വീഞ്ഞ് പുതിയ തുരുത്തിയിൽ നിറയ്ക്കുവാൻ ശിഷ്യന്മാർ കാത്തിരുന്നു പ്രാർത്ഥിച്ചു, പരിശുദ്ധാത്മവാൽ നിറയപ്പെട്ടവരുടെ വാക്കുകൾ കേട്ടവർ ഇവർ വീഞ്ഞുകുടിച്ച് ലഹരിപിടിച്ചവർ എന്നാണ് പറഞ്ഞത്, Read-Acts :2:1-3,11-13 , 32,33. ആ ലഹരിയുടെ കവിഞ്ഞൊഴുക്ക് അവരെ യേശുക്രിസതുവിന്റെ നാമം ഉപയോഗിക്കുന്നവരാക്കി.

Acts: (3:2-7)

കുതിച്ചെഴുന്നേറ്റവന്റെ സന്തോഷം അവഗണിക്കുന്ന പരിഹാസികൾ യേശുക്രിസ്തുവിന്റെ നാമം ഉപയോഗിച്ചവരെ വേട്ടയാടി. കാരണം ആത്മീയ വീഞ്ഞിന്റെ ലഹരിപിടിച്ചവരുടെ പ്രവർത്തനം സാത്താന്യശ്കതിയുള്ളവരിൽ വിസ്മയവും പരിഭ്രമവും ഉണ്ടാക്കുന്നു. ശൗൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് പൗലോസ് എന്ന പുതിയ സൃഷടിയായി മാറിയപ്പോൾ പരിശുദ്ധാത്മാവാകുന്ന പുതു വീഞ്ഞ് അവനിൽ നിറഞ്ഞു. അവൻ മേല്ക്കുമേൽ ശക്തിപ്രാപിച്ചു. മാത്രമല്ല യഹുദന്മാരെ മിണ്ടാതാക്കി എന്ന് കാണുന്നു. അവസാനം വരെ നല്ല വീഞ്ഞു തുരുത്തിയാകുവാൻ നമുക്ക് കഴിയുമോ? അപ്രകാരമാകുവാൻ ദൈവം നമ്മെ ബലപ്പെടുത്തട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg